**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2448** **08.05.2017-ലെ മറുപടിക്ക്**

**'മിച്ചഭൂമി കൈമാറ്റം'**

**ചോദ്യം**
**ശ്രീ. ജോർജ് എം.തോമസ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാർഷികാവശ്യത്തിന് പതിച്ച നൽകിയ മിച്ചഭൂമി മറ്റൊരാൾക്ക് കൈമാറുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ; | (എ) | 1963 - ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 96 -ാം വകുപ്പും അനുബന്ധ ചട്ടങ്ങളും പ്രകാരമാണ് മിച്ചഭൂമി അർഹരായവർക്ക് പതിച്ച നൽകുന്നത്.<br><br>പതിച്ച കിട്ടിയ മിച്ചഭൂമി പിൻതുടർച്ചാവകാശ പ്രകാരം കൈമാറാവുന്നതാണ്. കേരള ഭൂപരിഷ്കരണ (സീലിംഗ്) നിയമം 1970-ലെ 29-ാം ചട്ടം 2 മുതൽ 5 വരെ ഉപചട്ടങ്ങളിലെ വ്യവസ്ഥാനുസരണമല്ലാതെ പതിച്ച നൽകപ്പെട്ട തീയതി മുതൽ 20 വർഷത്തേയ്ക്ക് / കേരള ഭൂപരിഷ്കരണ നിയമം 97(3) പ്രകാരമുള്ള ചാർജ് ചുമത്തപ്പെട്ടിട്ടുണ്ടെങ്കിൽ, ആ കാലാവധി വരെയോ ഏതാണ് അവസാനമായി വരുന്നത് ആ കാലയളവ് വരെ അന്യാധീനപ്പെടുത്തുവാൻ പാടില്ല.<br><br>ടി വ്യവസ്ഥകൾക്ക് വിരുദ്ധമായി കൈമാറ്റം ചെയ്യുകയാണെങ്കിൽ പതിച്ച നൽകിയ നടപടി റദ്ദ് ചെയ്യുന്നതിന് ജില്ലാകളക്ടർക്ക് അധികാരമുണ്ട്. കൂടാതെ അത്തരക്കാർക്ക് ഇതേരീതിയിൽ മിച്ചഭൂമിയോ മറ്റ് സർക്കാർ ഭൂമിയോ പതിച്ച കിട്ടുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.<br><br>കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടം 1970 -ലെ ചട്ടം 29(1) ലെ പ്രൊവൈസോ പ്രകാരം ഉചിതമെന്ന് തോന്നുന്ന സാഹചര്യങ്ങളിൽ മതിയായ കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് പതിച്ച നൽകപ്പെട്ട മിച്ചഭൂമിയുടെ അകാല കൈമാറ്റങ്ങൾ സാധൂകരിച്ച് നൽകുന്നതിന് സർക്കാരിന് അധികാരമുണ്ട്. |
| (ബി) | കൈമാറ്റച്ചട്ടങ്ങളിൽ ഇളവുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) & (സി) | ഇല്ല. മിച്ചഭൂമി പതിച്ച കിട്ടുന്ന വ്യക്തി ചുരുങ്ങിയ കാലത്തിനുള്ളിൽ ടി ഭൂമി കൈമാറ്റം നടത്തി ഭൂരഹിതനായി മാറുന്ന സാഹചര്യം ഒഴിവാക്കുന്നതിനായിട്ടാണ് അപ്രകാരമുള്ള ഭൂമിയുടെ കൈമാറ്റത്തിന് നിബന്ധനകൾ വച്ചിട്ടുള്ളത്. |
| (സി) | ഇല്ലെങ്കിൽ ഇളവുവരുത്തുന്ന കാര്യം പരിഗണിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**